"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ പഴയകുന്നുമ്മേൽ വില്ലേജിലെ തമ്പുരാട്ടിപ്പാറ റോഡിൽ കുഴിവിള കോളനിയിലെ ദുരന്തസാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന 13 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.109/2026/DMD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-
1. 23/08/2019 ലെ സ.ഉ(കൈ)നം.25/2019/ഡിഎംഡി
2. ചിറയിൻകീഴ് തഹസിൽദാരുടെ 12/02/2025 ലെ TLK/199/2025-D7 നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27/07/2025, 27/01/2026 എന്നീ തിയ്യതികളിലെ DCTVM/2574/2025/H-6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ പഴയകുന്നുമ്മേൽ വില്ലേജിലെ തമ്പുരാട്ടിപ്പാറ റോഡിൽ ഇരപ്പിൽ എന്ന സ്ഥലത്തു പതിനാലോളം കുടുംബങ്ങൾ ചെങ്കുത്തായ പ്രദേശത്താണ് താമസിച്ചുവരുന്നത് എന്നും വീടുകളിലേക്കുള്ള വഴികളും, മറ്റും നാശോന്മുഖമാണെന്നും, പ്രദേശവാസികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും, ചെങ്കുത്തായ ചരിഞ്ഞ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ കാരണമായി മണ്ണിടിച്ചിൽ ഉണ്ടാകാനുള്ള സാധ്യതയുമുണ്ടെന്നും, അപ്രകാരം ഏതെങ്കിലും ഒരു വീടോ ഭൂമിയോ മഴക്കെടുതി കാരണമോ മറ്റു കാരണങ്ങളാലോ തകർന്നാൽ അതെ നിരയിലുള്ള എല്ലാ വീടുകളും അപകടത്തിലാകാൻ സാധ്യത ഉള്ളതായും, ഓറഞ്ച് ബുക്ക് 4.1 പ്രകാരം ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ഹസാർഡ് അനലിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശക്തമായ മഴ പെയ്യുന്ന സാഹചര്യങ്ങളിലും തുടർച്ചയായ മഴ പെയ്യുന്ന സാഹചര്യങ്ങളിലും ടി 14 കുടുംബങ്ങളേയും, കൂടാതെ സമീപത്ത് സ്ഥിതി ചെയ്യുന്ന രണ്ട് വീട്ടിൽ താമസിക്കുന്നവരേയും മാറ്റി പാർപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ടി സ്ഥലം വാസയോഗ്യമല്ലെന്നും പരാമർശം (2) പ്രകാരം ചിറയിൻകീഴ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ പഴയകുന്നുമ്മേൽ വില്ലേജിലെ തമ്പുരാട്ടിപ്പാറ റോഡിൽ ഇരപ്പിൽഅപകടാവസ്ഥയിലുള്ള സ്ഥലത്ത് താമസിക്കുന്ന കുഴിവിള കോളനിയിലെ 14 കുടുംബങ്ങളിൽ, 13 കുടുംബങ്ങൾക്കു നിലവിൽ താമസിക്കുന്ന ഭൂമിയല്ലാതെ മറ്റ് വാസയോഗ്യമായ ഭൂമി ഇല്ലെന്ന സത്യവാങ്മൂലം ലഭ്യമാക്കിയിട്ടുള്ളതായും, ചിറയിൻകീഴ്

താലൂക്കിൽ ഇവരെ മാറ്റിപ്പാർപ്പിക്കാൻ അനുയോജ്യമായ സർക്കാർ ഭൂമി നിലവിൽ ലഭ്യമല്ലെന്നും പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട് നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിലാണ് താമസിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘം കണ്ടെത്തിയ, ചിറയിൻകീഴ് താലൂക്കിലെ പഴയകുന്നുമ്മേൽ വില്ലേജിലെ തമ്പുരാട്ടിപ്പാറ റോഡിൽ ഇരപ്പിൽ എന്ന സ്ഥലത്ത് താമസിച്ച് വരികയും, നിലവിൽ താമസിക്കുന്ന ഭൂമിയല്ലാതെ മറ്റ് വാസയോഗ്യമായ ഭൂമി ഇല്ലെന്ന സത്യവാങ്മൂലം ലഭ്യമാക്കിയിട്ടുള്ളതുമായ 13 കുടുംബങ്ങൾക്ക് വസ്തുവാങ്ങി വീട് നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 27-02-2026 13:59:41**
സെക്ഷൻ ഓഫീസർ